# അക്കാദമിക് മാസ്റ്റർ പ്ലാൻ

2025. 26.

ജി. എം എൽ പി എസ്

പരപ്പനങ്ങാടി ടൗൺ.

G.M.L.P. SCHOOL
PIN: 676 303
Date:......................
PARAPPANANGADI TOWN

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | : | ജി.എം. എൽ.പി.എസ് പരപ്പനങ്ങാടി ടൗൺ |
| സ്കൂൾ കോഡ് | : | 19434 |
| ബി ആർ സി | : | പരപ്പനങ്ങാടി |
| വിദ്യാഭ്യാസ ജില്ല | : | തിരൂരങ്ങാടി |
| വിദ്യാഭ്യാസ ഉപജില്ല | : | പരപ്പനങ്ങാടി. |
| ബ്ലോക്ക് | : | തിരൂരങ്ങാടി. |
| ഫോൺനമ്പർ | : | 0494 - 2410265 |
| കാലയളവ് | : | 2025 ജൂൺ - 2025 മാർച്ച് |
| ഇ-മെയിൽ വിലാസം | : | pgdi townlp@gmail.com. |
| റവന്യൂ ജില്ല | : | മലപ്പുറം. |
| ഗ്രാമപഞ്ചായത്ത് / മുനിസിപ്പാലിറ്റി | : | പരപ്പനങ്ങാടി |
| ജില്ലാപഞ്ചായത്ത് | : | മലപ്പുറം. |
| താലൂക്ക് | : | തിരൂരങ്ങാടി. |
| വാർഡ് നമ്പറും പേരും | : | പരപ്പനങ്ങാടി - 33. |
| സർക്കാർ ഉടമസ്ഥത | : | സർക്കാർ. |
| സ്കൂൾ വിഭാഗം | : | ലോവർ പ്രൈമറി (1 മുതൽ 5 വരെ). |
| പഠനമാധ്യമം | : | മലയാളം / ഇംഗ്ലീഷ് |

SRG കൺവീനർ : വിജി മോൾ വിളയിൽ

സൗഹാദ് സെക്രട്ടറി : മുജാഹിദ് പനക്കൽ

പരിസ്ഥിതി ക്ലബ്ബ് : ശ്രീലയ

വിദ്യാരംഗം : വിജിഷ.

വിജയസ്പർശം : ബിന്ദു.

ലൈബ്രറി : വിജിഷ.

സമ്പാദ്യപദ്ധതി : ശ്രീലയ.

ബസ് : മുജാഹിദ് പനയ്ക്കൽ

ഉച്ചഭക്ഷണം : ഗീത, മുജാഹിദ്.

കലാമേള : സമീറ, പ്രജില

ശാസ്ത്രമേള : രശ്മി, ബിന്ദു.

English club : വിജിഷ.

അറബി : സമീറ.

ഹെൽത്ത് ക്ലബ്ബ് : ഗീത.

നൈതോലൊ : പ്രജില.

CWSN : സമീറ.

ഫണ്ടമെന്റ : മുജാഹിദ് പനയ്ക്കൽ.

കാർഷിക ക്ലബ്ബ് : വിജി.

ശുചിത്വം : ഗീത, വിജി

ജാഗ്രത : ബിന്ദു ഗീത . വിജിഷ

ലൈബ്രറി : ബിന്ദു .

ഗണിതം : HTV, അശ്വതി .

IT : മുജാഹിദ് .

ഡോക്യുമെന്റേഷൻ : സജിന.

ഫിഷർമാൻ : ജലജ

L.SS : രശ്മി.

ഇലക്ഷൻ : നീതു അമൃത .

ഹെൽത്ത് : നീതു.

# ഉള്ളടക്കം.


| പേര് | പേജ്നമ്പർ |
|---|---|
| കവർപേജ് | |
| ഉള്ളടക്കം. | |
| ആമുഖം | |
| കാഴ്ചപ്പാട് | |
| പൊതുലക്ഷ്യങ്ങൾ | |
| പ്രവർത്തന വിശദാംശം | |
| അക്കാദമിക പ്രവർത്തനങ്ങൾ | |
| | |
| | |
| | |
| | |

## ആമുഖം · ജി.എം എൽ.പി.എസ് പരപ്പനങ്ങാടി സൗത്ത്.

1927.ൽ ആരംഭിച്ച് സൗത്ത്ഡിയോടടുക്കുന്ന പരപ്പനങ്ങാടിയിലെ ഏറ്റവും പഴക്കം ചെന്ന ഗവൺമെന്റ് എൽ.പി. സ്കൂളാണ് ഇത്.

പ്രമുഖരായ പലരും പഠിച്ച വിദ്യാലയം. മുൻവിദ്യാഭ്യാസ മന്ത്രി . ശ്രീ.പി.കെ. അബ്ദുറബ്ബ്, .സാഹിത്യകാരനായ ND മുഹമ്മദ് ,ബാലസാഹിത്യകാരനും ഈ വിദ്യാലയത്തിലെ മുൻ അധ്യാപകനുമായ ശ്രീ. ഷഹീദ് പരപ്പനങ്ങാടി എന്നിവർ ഈ വിദ്യാലയത്തിൽ നിന്നാണ് അറിവിന്റെ ആദ്യാക്ഷരങ്ങൾ നേടിയത്.

ഭൗതിക സാഹചര്യങ്ങളുടെ പോരായ്മകൾ ഉണ്ടെങ്കിലും ഈ വിദ്യാലയം ഇന്നും നൂറുകണക്കിന് വിദ്യാർത്ഥികളുടെ അറിവിന്റെ കേന്ദ്രമായി പ്രവർത്തിക്കുന്നു. എങ്കിലും പഴയതിൽ നിന്നും ഭേദപ്പെട്ട രീതിയിൽ ഭൗതികസാഹചര്യങ്ങളിൽ മാറ്റം വന്നിരിക്കുന്നു. കുട്ടികൾക്ക് കളിക്കാനായി ഊഞ്ഞാൽ സീസോ.. കഴിഞ്ഞ വർഷം ഒരു ക്ലാസ് മുറി സ്മാർട്ട് റൂം ആക്കിയത്; ഉള്ളിൽ ഹാൾ 3 ക്ലാസ് മുറിക്ക് വേണ്ടി സെപ്പറേറ്റ് ചെയ്ത് മാറ്റിയത്, ഒന്നാം നിലയിൽ അരമതിലിൽ അഴികൾ വച്ചുകൊണ്ട് സുരക്ഷ ഉറപ്പ് വരുത്തിയത് എന്നിവയൊക്കെ ഭൗതിക സാഹചര്യങ്ങളിൽ വന്ന മാറ്റമാണ്.

2025-26 അധ്യയന വർഷത്തിൽ സ്കൂൾ
സൗന്ദര്യവൽകരണത്തിന്റെ ഭാഗമായി സ്കൂളിൽ നല്ല
ഒരു പാർക്ക്, സ്കൂൾ മുറ്റത്ത് open ~~hut~~ library
എന്നിവയും വികസന സ്വപ്നമാണ്. ഈ വർഷം
കുട്ടികളുടെ വായന പരിപോഷിപ്പിക്കുന്നതിനും പുസ്ത
കങ്ങളോടുള്ള താൽപര്യം വർദ്ധിപ്പിക്കുന്നതിനുമായി
PTA യുടെ പ്രത്യേക താൽപര്യത്തോടെയാണ് ഈ
പ്രവർത്തനം മുന്നോട്ട് കൊണ്ടുപോവുന്നത്. രക്ഷാ
പിടിഎ ഇതിനായി അവർക്ക് പ്രവർത്തിക്കുന്നു
എന്നതും എടുത്തു പറയേണ്ട ഒരു വസ്തുതയാണ്

കാലത്തിനൊത്ത മാറ്റം, മികച്ച പഠനാന്തരീക്ഷം
മികവുകൾ വളർത്താനുള്ള സാഹചര്യം എന്നിവയ്ക്കാ
അക്കാദമിക മേഖലകളിൽ സൗകര്യങ്ങൾ മെച്ചപ്പെടുത്തേ
ണ്ടതാണ്. അതിനായി ഈ വർഷം മുതൽ
നടപ്പാക്കേണ്ട അക്കാദമിക് മാസ്റ്റർ പ്ലാൻ
രൂപപ്പെടുത്തിയിരിക്കുന്നു.

2025-26 അധ്യയന വർഷത്തിൽ 1 മുതൽ
5വരെ യുള്ള ക്ലാസുകളിലായി കുട്ടികൾ
പഠിക്കുന്നു. ഒന്നാം ക്ലാസിൽ കുട്ടികളും
രണ്ടാം ക്ലാസിൽ കുട്ടികളും മൂന്നാം ക്ലാസിൽ
കുട്ടികളും നാലാം ക്ലാസിൽ കുട്ടികളും അഞ്ചാം
ക്ലാസിൽ കുട്ടികളും പഠിക്കുന്നു. പ്രീപ്രൈമറിയിൽ
രണ്ട് വലിയ ക്ലാസുകളിലും ചെറിയ ക്ലാസുകളി

ലുമായി കുട്ടികൾ പഠിക്കുന്നുണ്ട്. പതിനൊന്ന് ക്ലാസ് മുറികളും രണ്ട് വലിയതും ഒന്ന് ചെറുതുമായ മൂന്ന് പ്രൈമറി ക്ലാസ് മുറിയും ഒരു ഓഫീസ് മുറിയും കിച്ചണും ഒരു സ്റ്റേജും വിശാലമായ ഗ്രൗണ്ടും ചേർന്നതാണ് വിദ്യാലയം. 9 പ്രൈമറി ഇതര അധ്യാപകരും 2 അറബിക് അധ്യാപകരും ഒരു ഹെഡ്മാസ്റ്ററും ഒരു പ്രഥമാധ്യാപകനും അട 2 താൽക്കാലിക അധ്യാപകരും ഒരു ക്ലീനിംഗ് സ്റ്റാഫും 3 പ്രീ പ്രൈമറി അധ്യാപകരും 3 ആയമാരും ഒരു ബസ് ഡ്രൈവറും അടങ്ങുന്നതാണ് വിദ്യാലയം.

രക്ഷിതാക്കളുടെ സാമ്പത്തിക പ്രതിസന്ധി സജീവ പങ്കാളിത്തം ഇല്ലായ്മ, കുട്ടികളുടെ ഭൗതിക സാഹചര്യത്തിന്റെ അഭാവം, അനാരോഗ്യകരമായ ഗൃഹാന്തരീക്ഷം, ഗാർഹിക ചുറ്റുപാട്, എന്നിവ കുട്ടികളുടെ പഠനത്തെ പ്രതികൂലമായി ബാധിക്കുന്ന കാര്യങ്ങളാണ്. കുട്ടികൾക്ക് ആവശ്യമായ കളിസ്ഥലത്തിന്റെ അഭാവം, ഭക്ഷണശാലയുടെ പോരായ്മ. കൃഷിസ്ഥലം, വേസ്റ്റ് മാനേജ്മെന്റിന്റെ കുറവ്, എല്ലാ ക്ലാസ് മുറികളും സ്മാർട്ട് റൂമുകളല്ലാത്തതിന്റെ അഭാവം, മതിയായ ലാപ്ടോപ്പുകളുടെ കുറവ് എന്നിവ സ്കൂൾ അഭിമുഖീകരിക്കുന്ന പ്രധാന പ്രതിസന്ധിയാണ്.

ഒരു കായിക അധ്യാപകന്റെയും ഒരു ഹിന്ദി അധ്യാപകന്റെയും അഭാവം സ്കൂളിന്റെ

പഠന പുരോഗതിയെ ബാധിക്കുന്നു.

ആഴ്ചയിൽ ഒരിക്കൽ BRC യിൽ നിന്നും വരുന്ന പ്രവൃത്തി പരിചയ ടീച്ചറിന്റെയും കായികാധ്യാപികയുടെയും സാന്നിധ്യം അഞ്ചാം ക്ലാസിലെ കുട്ടികളുടെ ART PE എന്നി വിഷയങ്ങളുടെ പഠനം കാര്യക്ഷമമാക്കാൻ സഹായിക്കുന്നു. കായികക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള മതിയായ പഠനോപകരണങ്ങൾ ഒരു അനിവാര്യഘടകം തന്നെയാണ്.

സ്കൂളിലെ കുടിവെള്ള ടാങ്ക്, ശുദ്ധജലത്തിന്റെ ലഭ്യത ഉറപ്പാക്കുന്നതിനായി മുൻ എച്ച് എം ശ്രീമതി. ശ്രീകല ടീച്ചറുടെ റിട്ടയർമെന്റിനോടനുബന്ധിച്ച് സ്കൂളിലേക്ക് സംഭാവന നൽകിയ വലിയ ഫിൽറ്ററിലൂടെ ശുദ്ധമായ കുടിവെള്ളം കുട്ടികൾക്ക് ലഭ്യമാണ്. 2025-26 അധ്യയനവർഷത്തിൽ മുനിസിപ്പാലിറ്റിയിൽ നിന്നും ലഭ്യമായ 14 ടേബിൾ ചെയർ ഇരിപ്പിടങ്ങളുടെ സാന്നിധ്യം കൊണ്ട് ഈ വർഷം ഒന്നാം ക്ലാസ് ഭൗതിക സൗകര്യങ്ങളാൽ സമ്പന്നമാണ്. എല്ലാ ക്ലാസ് മുറിയിലും ഏറെ മെച്ചപ്പെട്ട രീതിയിലുള്ള ഇരിപ്പിടങ്ങൾ ഒരു അനിവാര്യഘടകം തന്നെയാണ്. ക്ലാസ് മുറികൾ ക്ലാസ് ലൈബ്രറിയിലേക്കായി ഒരുക്കേണ്ടതും അത്യാവശ്യം തന്നെയാണ്. എല്ലാക്ലാസിലും ക്ലാസ് ലൈബ്രറികൾ ഇല്ലാത്തത് കുട്ടികളുടെ സ്വതന്ത്ര വായനക്ക് വിഘാതം സൃഷ്ടിക്കുന്നു.

കുട്ടികളുടെ ശരിയായ ആരോഗ്യവളർച്ചയ്ക്ക് ഉതകുന്ന രീതിയിലുള്ള ഭക്ഷണക്രമം, ഹൈജീനിക് ആയുള്ള വൃത്തിയുള്ള പരിസരം, ശരിയായ ഉറക്കം എന്നിവ സ്കൂളിന്റെ സാമൂഹികാന്തരീക്ഷത്തെ ബാധിക്കുന്നു.

കേരളത്തിലെ പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ 2017-18 അക്കാദമികവർഷം മുതൽ ആരംഭിച്ചിട്ടുണ്ട്. പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞവും അതിന്റെ തുടർച്ചയായ വിദ്യാകിരണവും ഈ ഘട്ടങ്ങളിൽ നിർണ്ണായക പങ്ക് വഹിച്ചിട്ടുണ്ട്. പൊതുവിദ്യാഭ്യാസസംരക്ഷണയജ്ഞത്തിന്റെ ഭാഗമായി മുന്നോട്ട് വച്ച ആശയമാണ് എല്ലാ വിദ്യാലയങ്ങളും അക്കാദമിക മാസ്റ്റർ പ്ലാൻ വികസിപ്പിക്കുക എന്നത്. ഇതിന്റെ ഭാഗമായി വിദ്യാലയങ്ങളിൽ അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കുകയുണ്ടായി. തുടർവർഷങ്ങളിലും മാസ്റ്റർപ്ലാനുകൾ വികസിപ്പിച്ചു.

2025-26 അധ്യയന വർഷം സമഗ്രഗുണമേന്മാ വർഷമാണ്. പാഠ്യപദ്ധതി ചട്ടക്കൂട് 2023 പ്രകാരം 1 മുതൽ 10 വരെയുള്ള പാഠപുസ്തകങ്ങളെല്ലാം പരിഷ്കരിച്ചിട്ടുണ്ട്. മൂല്യനിർണയ പ്രക്രിയയിലും മാറ്റങ്ങൾ വരുത്തിയിട്ടുണ്ട് ഇതിനാൽ വിഷയതല മാസ്റ്റർപ്ലാൻ, വ്യക്തിഗത മാസ്റ്റർപ്ലാൻ തുടങ്ങിയവ വികസിപ്പിക്കുന്നതിലേക്ക് പലപ്രവർത്തനങ്ങൾ വിദ്യാലയങ്ങളിൽ നടക്കുന്നുണ്ട്.

ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശം എന്നതാണ്. മികവ് എന്നാൽ അക്കാദമിക

ലിക്കേഷ് ആണ്. അതിന്റെ ഭാഗമായി ഈ വർഷം
സമ്പൂർണ്ണതയുടെ വർഷമായി പരിഗണിക്കുന്നു. ഓരോ
കുട്ടിയും അതത് ക്ലാസിൽ നേടേണ്ടതെന്ന് പാഠ്യപദ്ധതി
വിഭാവനം ചെയ്ത പഠനലക്ഷ്യങ്ങൾ നേടണമെന്ന്
പാഠ്യപദ്ധതി വിഭാവനം ചെയ്ത പഠനലക്ഷ്യങ്ങൾ
ആർജിച്ച് ഉയരണം. ഇക്കാര്യത്തിൽ ഓരോ
അധ്യാപകർക്കും അതിപ്രധാനമായ ഉത്തരവാദിത്വമുണ്ട്.
പാഠപുസ്തകത്തിൽ നിന്നുമാത്രം ലഭിക്കുന്ന ഒന്ന
മായി അറിവിനെ പരിമിതപ്പെടുത്താതെ, കുട്ടികളെ
വിവേകത്തിന്റെയും ചിന്തയുടെയും സംസ്കാരങ്ങൾ സൃഷ്ടി
ച്ചുകൊണ്ട് ജീവിതം കെട്ടിപ്പടുക്കുന്നതാവണം
പഠനലക്ഷ്യം. മാനവികതയുടെ സ്നേഹത്തിന്റെയും
മതനിരപേക്ഷ ചിന്തയുടെ ജനാധിപത്യബോധത്തി
ന്റെയും പ്രകാശത്തിലാണ് കുട്ടികൾ വളരേണ്ടത്. അതിനാൽ
ഇടങ്ങൾ കുട്ടികൾ പഠിക്കുന്ന ഇടങ്ങളായി സ്കൂൾ
ക്ലാസുകൾ മാറിക്കൊണ്ട് സഹജീവിസ്നേഹവും വിവേചനങ്ങളില്ലാ
തെ വിമർശനാത്മക ബുദ്ധിയും കുട്ടിയിൽ അങ്കുരിപ്പി
ക്കണം വികസിപ്പിക്കുകയും വേണം. പഠനമെന്നാൽ പരീക്ഷ
മാത്രം ലക്ഷ്യമിടേണ്ട ഒന്നല്ല ഒരു സമൂഹത്തിൽ തന്നെ
ജീവിക്കണമെ, പെരുമാറണം എന്നതിന്റെ പരിശീലനക്കള
രികളായി മാറുന്നു വിദ്യാലയങ്ങൾ. ഇതിന്റെ ഭാഗമായി ഇത്തവണ
സ്കൂൾ തുറന്ന ആഴ്ചക്കാലം പൊതുവിഷയങ്ങളുമായി
കുട്ടികളോട് സംവദിക്കാൻ വിദ്യാഭ്യാസ വകുപ്പ് അവസരമൊരുക്കി.

കാലവർഷം എന്നത് പകർച്ച വ്യാധികളുടെ കൂടി കാലമാണ്. ആരോഗ്യ സംരക്ഷണം എന്ത് കുട്ടികളും അറിഞ്ഞിരിക്കണം. മഴക്കാലമാണ്, ലഹരിക്കെതിരായ പ്രവർത്തനങ്ങൾ, റോഡിലൂടെ സഞ്ചരിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, സ്കൂൾ വാഹനങ്ങളിൽ സഞ്ചരിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, അറിയേണ്ട കാര്യങ്ങൾ, വ്യക്തിശുചിത്വ പരിസരശുചിത്വം ഹരിതകാമ്പസ് എന്നിവ കുട്ടിയുടെ അറിവിന്റെ ധാരണകളുടെ ഭാഗമാകണം. അങ്ങനെയുള്ള ആരോഗ്യം വ്യായാമം, കായികക്ഷമത, ആഹാരശീലം, ശീലങ്ങളെല്ലാം, പൊതുമുതൽ സംരക്ഷിക്കൽ, നിയമാവബോധം, കാലവർഷ മുൻകരുതൽ ഇവയെല്ലാം കുട്ടികളുടെ പഠിക്കേണ്ട വിഷയങ്ങൾ ആണ്. സമഗ്രഗുണമേന്മ പദ്ധതിയുടെ ഭാഗമായി ഒട്ടേറെ പ്രധാന അക്കാദമിക പ്രവർത്തനങ്ങൾ ഉണ്ടാകണം. അത്തരത്തിൽ അക്കാദമിക് നിറവ് ആയി മാറാൻ ഈ മാസ്റ്റർപ്ലാൻ ഉതകുമെന്ന് കൂടി ഈയവസരത്തിൽ ഉറപ്പ് തരുന്നു

| | NAME | POST | QUALIFICATION | SERVICE |
|---|---|---|---|---|
| 1 | BOBAN. V. | HM. | BA. TTC | |
| 2. | BINDU G. | | PDC, TTC | |
| 3. | GEETHA K. | | PDC, TTC | |
| 4. | VIJISHAMOL VILAYIL. | | BSc, TTC, | |
| 5. | VIJI K. | | BA TTC | |
| 6. | PRAJILA. KV. | | BA TTC | |
| 7. | RESMI. RG. | | BSc MCA TTC | |
| 8. | JALAJA. | | . | |
| 9. | SREELAYA PM. | | BA, TTC, Bed | |
| 10. | MUJAHID DANAKKAL | | BA Arabic. LTTC | |
| 11. | NEETHU | | | |
| 12. | SAMEERA. | | | |

5

# കാഴ്ചപ്പാട്

2025-26 അധ്യയനവർഷത്തിൽ
സ്കൂൾ മുറ്റം മൈതാനങ്ങൾ കെട്ടി ചെളിവെള്ളം ഒഴിവാ
ക്കി മാറ്റിയിട്ടുണ്ട്. സ്കൂൾമുറ്റം ഭാഗികമായി ഇന്റർലോക്ക്
ചെയ്തത് പൂർണമായും ഇന്റർലോക്ക് ചെയ്യും.
സ്കൂൾ മുറ്റത്ത് ഓപ്പൺ ലൈബ്രറി സ്ഥാപിക്കും. എല്ലാ
ക്ലാസ് മുറികളും സ്മാർട്ട് ക്ലാസ് മുറികളാക്കുകയും നൂതന
പഠന രീതികളിലൂന്നിയ പഠനാന്തരീക്ഷം ഒരുക്കുകയു
ചെയ്യും. ഓരോ ക്ലാസിലും ക്ലാസ് ലൈബ്രറി ഒരുക്കും.
സ്കൂൾ അന്തരീക്ഷം കൂടുതൽ മനോഹരമാക്കാൻ
കുട്ടികളുടെ പാർക്കും ഈ വർഷം നിർമിക്കും.

English പഠനം കൂടുതൽ കാര്യക്ഷമമാ
ക്കാൻ English club പ്രവർത്തനങ്ങൾ ശക്തമാക്കും.
മുഴുവൻ കുട്ടികളുടെയും സർവതോമുഖമായ English സംഭാ
ഷണത്തിനവസരം ഒരുക്കും. ക്ലാസ് മാഗസിൻ,
സ്കൂൾ മാഗസിൻ എന്നിവയുടെ ഉള്ളടക്ക പ്രവർത്തന
ങ്ങൾ മെച്ചപ്പെടുത്തുന്നതിന് വേണ്ടി വിവിധ ഭാഷാ
പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കും
ഒഴിവ് സമയങ്ങളിൽ കുട്ടികൾക്ക് വായനയ്ക്കായി പത്ര,
ആനുകാലിക പ്രസിദ്ധീകരണങ്ങൾ എന്നിവ ഉൾപ്പെടുത്തും
കൂടാതെ സ്കൂൾ തിയേറ്ററിൽ കഥ, കവിത, നാടകം
എന്നിവ പ്രൊജക്ടർ വഴി പ്രദർശിപ്പിക്കും.

"അതിഥിയെ വരവേൽക്കാം" എന്ന പരിപാടിയിൽ
ശില്പങ്ങൾ , നാടൻ കലാരൂപങ്ങൾ, സംവാദം, അഭിമുഖം
എന്നിവ ഉൾപ്പെടുത്തും. പ്രവൃത്തി പരിചയ ക്ലാസ്
ഉൾപ്പെടുത്തി കുട്ടികളുടെ നൈപുണികൾ വർദ്ധിപ്പിക്കും.
സ്ത്രീസുരക്ഷിതത്വം ഉറപ്പാക്കാനായി കുട്ടികളെ കരാട്ടെ
ഉൾക്കൊണ്ട യോഗ ക്ലാസുകളിൽ ഉൾപ്പെടുത്തും.
കഴിഞ്ഞവർഷം മുതൽ വളരെ ഭംഗിയായ തൈക്കോണ്ടോ
ക്ലാസുകൾ സ്കൂളിൽ നടന്നുവരുന്നു. ലൈബ്രറി
ശാക്തീകരണവും കുട്ടികളുടെ വായനയെ പ്രോത്സാഹിപ്പി
ക്കുന്നതിനുമായി അമ്മ വായന ശക്തിപ്പെടുത്തും.

ഈ അധ്യയനവർഷത്തിൽ 1000 അധ്യ-
യന മണിക്കൂർ പഠനം ഉറപ്പുവരുത്തും. പഠന
നിലവാരം മെച്ചപ്പെടുത്തി സമൂഹത്തിൽ
മുന്നിൽ മാതൃകാവിദ്യാലയമായി നിലനിർത്താൻ എല്ലാവരും
അധ്യാപകരും രക്ഷിതാക്കളും നാട്ടുകാരും
ഒത്തൊരുമിച്ച് പ്രവർത്തിക്കും.

# ലക്ഷ്യങ്ങൾ

* മതനിരപേക്ഷ ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് ഗ്രാമീണ അന്തരീക്ഷത്തിൽ തികച്ചും സൗജന്യമായ വിദ്യാഭ്യാസം സമസ്ത ജനവിഭാഗങ്ങൾക്കും ഉറപ്പുവരുത്തുക.

* ഗുണമേന്മാ വിദ്യാഭ്യാസം ഉറപ്പാക്കി വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുക. അതിനായി ഓരോ കുട്ടിയുടെയും അതത് പ്രായ ഘട്ടത്തിനനുസൃതമായി കരിക്കുലം വിഭാവനം ചെയ്ത പ്രകാരം ഏറ്റവും ഉയർന്ന തലത്തിലേക്ക് എത്തിക്കും. അതിനായി അക്കാദമികമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുക.

* പഠനനേട്ടങ്ങൾക്കനുസൃതമായ മികവാർന്ന ബോധന തന്ത്രങ്ങൾ കണ്ടെത്തി ആസൂത്രണം ചെയ്ത് നടപ്പിലാക്കുക.

* വിദ്യാലയത്തിന്റെ സമൂഹത്തെ ചേർത്തുപിടിച്ച് കൊണ്ട് വിദ്യാലയത്തെ സമൂഹത്തിന്റെ കണ്ണിലുണ്ണിയായ മാറുക.

* സ്വാതന്ത്ര്യവും നിർഭയവും ശിശുസൗഹാർദ്ദവുമായ പഠനാന്തരീക്ഷം ഒരുക്കുക.

## മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക പിന്തുണ. |
|---|---|---|---|---|
| വായനയിലൂടെ ചിന്താവസ്ഥ പരിഹരിക്കൽ. | പ്രീ-ടെസ്റ്റ്. അക്ഷരം, ചിഹ്നം ഉറപ്പാക്കൽ. ചിത്രകാർഡുകൾ, ചിത്രവുമായി ബന്ധപ്പെട്ട വാക്കുകൾ പറയൽ വാക്കുകളിൽ നിന്ന് വായനാകാർഡിലേക്ക്. - ശേഷം സ്വതന്ത്ര വായനാകാർഡ് നിർമ്മാണം. വാക്കുകൾ വാചകങ്ങൾ, വിവരണങ്ങൾ എന്നിവ എഴുതൽ. അടിക്കുറിപ്പ് തയ്യാറാക്കൽ, കഥ പറയൽ, കഥ നിർമ്മാണം. കവിത രൂപീകരിക്കൽ. | ജൂൺ-സെപ്തംബർ<br>ഒക്ടോബർ-ഫെബ്രുവരി. | അധ്യാപകർ | PTA. |
| മികച്ച വായനക്കാരാക്കുന്നതിന്. | വായനാമൂല രൂപീകരിക്കൽ വിദ്യാരംഗം പ്രവർത്തനങ്ങൾ ശക്തമാക്കൽ, ലൈബ്രറിപുസ്തകങ്ങൾ ക്രമമാക്കൽ | | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയപരിധി | ചുമതല | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|
| | വായനാമൂല - ക്ലാസ്ലൈബ്രറി സ്കൂൾ ലൈബ്രറി നവീകരിക്കൽ - പുസ്തകശേഖരണം. ക്ലാസ് ലൈബ്രറിയിലേക്കുള്ള നോട്ടീസ്... ആനുകാലിക പ്രസിദ്ധീകരണങ്ങൾ ശേഖരിക്കൽ - | ജൂൺ - ജൂലൈ - | കുട്ടികൾ രക്ഷിതാക്കൾ പൂർവ്വ വിദ്യാർത്ഥികൾ. അധ്യാപകർ | PTA |
| | അസംബ്ലിയിൽ പത്രവായന, സ്കൂൾ ലൈബ്രറി പുസ്തകങ്ങൾ വായിച്ച് കുറിപ്പ് എഴുതൽ. ക്ലാസ് തലത്തിൽ ഏറ്റവും നല്ല വായനക്കാരെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുക. | ജൂൺ - മാർച്ച് | അധ്യാപകർ | PTA |
| | പിറന്നാളിന് പുസ്തകശേഖരണം - ക്ലാസ് ലൈബ്രറിയിലേക്ക് അമ്മവായന | സമയോചിതമായി നടത്തുന്നു. | രക്ഷിതാക്കൾ അധ്യാപകർ | PTA |

| വിഷയം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക പിന്തുണ |
|---|---|---|---|---|
| | ക്ലാസ് തല അസംബ്ലി. | | | |
| | ദിനാചരണങ്ങൾ പാഠപുസ്തക പ്രവർത്തനങ്ങളുമായി കണ്ണിചേർക്കൽ. ദിനാചരണങ്ങളിൽ നിന്നും പാഠപുസ്തകങ്ങളിലേക്ക് :- | രണ്ട് മാസത്തിലൊരിക്കൽ | അധ്യാപകർ PTA | PTA |
| | പ്രസംഗപരിശീലനം. | | | |
| | അഭിമുഖം - (രണ്ടുമാസത്തിലൊരിക്കൽ ഒരു അതിഥി) | | | |
| | ഇ. വായന. | | | |
| | - ക്ലാസ് തല അസംബ്ലി സജീവമാക്കുക. | | | |
| | - വിദ്യാരംഗം കലാസാഹിത്യവേദി അംഗങ്ങളെ ഉൾപ്പെടുത്തി മാസത്തിലൊരിക്കൽ ക്വിസ് മത്സരം. | | | |
| | - മികച്ച വായനക്കാരനെ കണ്ടെത്തൽ ക്ലാസ്തലം കണ്ടെത്തിയ ശേഷം സ്കൂൾ തലം കണ്ടെത്തുന്നു. | രണ്ട് ആഴ്ചയിലൊരിക്കൽ. | വിദ്യാരംഗം ക്ലബ്. | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | [illegible] | ചുമതല | [illegible] |
|---|---|---|---|---|
| ലേഖനം: സ്കൂളിലെ മുഴുവൻ കുട്ടികളും എഴുതാൻ പ്രാപ്തരാകുക. | ഡയറി എഴുതൽ 1, 2 ക്ലാസുകളിൽ. 3,4, 5, ക്ലാസുകളിൽ സർഗാത്മകഡയറി എഴുതൽ. | എല്ലാദിവസവും | | |
| | 3,4,5 ക്ലാസുകളിൽ രചനാ മത്സരങ്ങൾ സംഘടിപ്പിക്കൽ. | | | |
| | ലൈബ്രറി പുസ്തകങ്ങൾ വായിച്ച് കുറിപ്പ് തയ്യാറാക്കൽ. | മാസത്തിലൊരിക്കൽ | കുട്ടികൾ അധ്യാപകർ | PTA. സ്പോൺസേഴ്സ് |
| | പഠനയാത്ര, ഫീൽഡ്ട്രിപ്പ് കുറിപ്പ് തയ്യാറാക്കൽ - | വർഷത്തിൽ/ മാസത്തിൽ. | | |
| | പ്രസംഗം തയ്യാറാക്കൽ; ഒരുക്കി മാഗസിൻ ക്ലാസ് മാഗസിൻ, സ്കൂൾ മാഗസിൻ | ഫെബ്രുവരി/ | | |
| | ദിനാചരണങ്ങളിലൂടെ പാഠപുസ്തകവുമായി ബന്ധപ്പെട്ട കുറിപ്പ്/പ്രസംഗം തയ്യാറാക്കുന്നു. | ആനുകാലികമായി. | | |
| | പോസ്റ്ററുകൾ, കൊളാഷുകൾ - | സമയോചിതമായി. | അധ്യാപകർ | PTA |

| | | | | |
|---|---|---|---|---|
| വിവിധ വ്യവഹാരരൂപങ്ങളിലൂടെ കുട്ടികളുടെ സർഗാത്മകശേഷി വളർത്തുന്നു | നാടകം കളിക്കാം എഴുതാം [?].<br>→ യാത്രാവിവരണം – മാസത്തിൽ നടത്തുന്ന യാത്രകളുടെ വിവരണം തയ്യാറാക്കി അധ്യാപകരെ ഏൽപ്പിക്കുന്നു. മികച്ചതിനെ അംഗീകരിക്കുന്നു. ജനുവരിയിൽ വിദ്യാരംഗം ക്ലബിന്റെ നേതൃത്വത്തിൽ പഠനയാത്ര നടത്തിയ ശേഷം സ്കൂളിലിരുന്നുതന്നെ യാത്രാവിവരണം തയ്യാറാക്കുന്നു. | August – January | അധ്യാപകർ PTA. | |
| | – മാസത്തിലൊരിക്കൽ വിദ്യാരംഗം കലാസാഹിത്യവേദി അംഗങ്ങൾകൂടി ചേർന്ന് ഒരു Theme അടിസ്ഥാനമാക്കി വിവിധ വ്യവഹാരരൂപങ്ങൾ [കഥ, കവിത, ചിത്രം നാടകം .... etc] തയ്യാറാക്കുന്നു. മാർച്ച് മാസത്തിൽ ഇവ ചേർത്ത് മാഗസിൻ തയ്യാറാക്കി പ്രകാശിപ്പിക്കുന്നു [?]. പ്രകാശനം ചെയ്യുന്നു. | മാസത്തിലൊരിക്കൽ<br>മാർച്ച് | വിദ്യാരംഗം ക്ലബ് - | |